## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.800 08.03.2012 ൽ മറുപടിക്ക്

**<u>വിദ്യാർത്ഥികൾക്ക് ബസ്സ് കൺസെഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

| ചോദ്യം<br>ശ്രീ. കെ.ദാസൻ | | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) വിദ്യാർത്ഥികൾക്ക് ബസ്സ് കൺസെഷൻ അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സ്ഥാപനത്തിൽ ഒരു അംഗീകൃത കോഴ്സ് ഫുൾ ടൈം ആയി പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഇന്ത്യയിലെ ഏതെങ്കിലും ഒരു യൂണിവേഴ്സിറ്റിയിൽ പേർ രജിസ്റ്റർ ചെയ്ത് യൂണിവേഴ്സിറ്റി അംഗീകരിച്ച ഒരു കോഴ്സ് പ്രൈവറ്റായോ അല്ലാതെയോ ഫുൾടൈം ആയി പഠിക്കുന്ന വിദ്യാർത്ഥികൾക്കും അവർ മറ്റേതെങ്കിലും ജോലികളിൽ ഏർപ്പെട്ടിട്ടില്ലായെങ്കിൽ അവർക്ക് വീടുകളിൽ നിന്നും പഠിക്കുന്ന സ്ഥാപനംവരെ പരമാവധി 40 കി.മീ. ദൂരം സൗജന്യനിരക്കിൽ യാത്രചെയ്യാവുന്നതാണ്. ഇവർക്ക് സർക്കാരിന്റെ 28.09.2001-ലെ ജി.ഒ(പി) 24/2001/ട്രാൻ എന്ന ഉത്തരവ് പ്രകാരം നിലവിൽവന്ന യാത്രാ നിരക്കിന്റെ 75% കൺസഷനാണ് അനുവദിക്കുന്നത്.<br>വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപന അധികാരികൾ നൽകുന്ന ഐഡന്റിറ്റി കാർഡിന്റെ അടിസ്ഥാനത്തിൽ പ്രീപെയ്ഡ് കൺസഷൻ കാർഡുകളാണ് കെ .എസ്.ആർ.ടി.സി. നൽകുന്നത്. പ്രൈവറ്റ് ബസ്സുകളിൽ യാത്രാ സൗജന്യം ലഭിക്കുന്നതിന് ജില്ലാതല സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥർ (കൺവീനറായ ആർ .ടി.ഓ.യോ മറ്റ് അംഗീകൃത വ്യക്തികളോ) വിദ്യാർത്ഥികൾക്ക് പ്രിന്റ് ചെയ്ത ഐഡന്റിറ്റി കാർഡ്/കൺസഷൻ കാർഡ് നൽകുന്നതും അത് പൂരിപ്പിച്ചശേഷം വിദ്യാർത്ഥികൾ ടി കാർഡുകൾ സ്ഥാപന മേലധികാരിവഴി ആർ.ടി.ഓ.യ്ക്ക് (കൺവീനർ ) സമർപ്പിക്കേണ്ടതും |

| | | |
|---|---|---|
| | | ആർ.ടി.ഓ. ഒപ്പിട്ട ടി കാർഡുകൾ വീണ്ടും സ്ഥാപന അധികാരികൾക്ക് വിതരണം ചെയ്യേണ്ടതുമാണ്. ഈ കാർഡുകളാണ് സൗജന്യയാത്രയ്ക്കായി വിദ്യാർത്ഥികൾ ഉപയോഗിക്കേണ്ടത്. |
| (ബി) ഒഴിവുകാലങ്ങളിൽ സമാന്തര വിദ്യാഭ്യാസസ്ഥാപനങ്ങളിലും മറ്റ് പ്രൊഫഷണൽ സ്ഥാപനങ്ങളിലും പഠിക്കാൻ പോകുന്ന വിദ്യാർത്ഥികൾക്ക് സ്വകാര്യബസ്സുകളിൽ കൺസെഷൻ അനുവദിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി, സി & ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 23.01.2008-ലെ ജി-ഓ (പി) നമ്പർ 3/2008/ട്രാൻ എന്ന വിജ്ഞാപന പ്രകാരം കോഴ്സിന്റെ മുഴുവൻ സമയത്തേയ്ക്കും 28.11.2011-ലെ ജി.ഓ(പി) നമ്പർ 63/2011/ട്രാൻ എന്ന വിജ്ഞാപന പ്രകാരം എല്ലാ അവധി ദിവസങ്ങളിലും കൺസഷൻ നൽകണമെന്നു ഉത്തരവ് നൽകിയിട്ടുണ്ട്. ഈ ഉത്തരവുകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിയമ നടപടിയെടുക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഒരോ ജില്ലയിലും സ്റ്റുഡന്റ്സ് ട്രാവൽ ഫസിലിറ്റി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അവ യഥാസമയം വിളിച്ചു ചേർത്ത് പ്രശ്നങ്ങൾ പരിഹരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഇത്തരം പരാതികൾ പരിഹരിക്കാൻ നിലവിൽ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | | |
| (ഡി) പ്രസ്തുതപദ്ധതികൾ കാര്യക്ഷമമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ